➪ *തങ്ങളുടെ വർഗീയ, വംശീയ സ്വത്വബോധങ്ങളിലേയ്ക്ക് അവർ തിരിച്ചുപോവുകയാണ്* ➪

# അസാധുവാക്കപ്പെടുന്ന ജനാധിപത്യം

മോദിയെ സംബന്ധിച്ചിടത്തോളം കറൻസി അസാധുവാക്കൽ ഒരു ടെസ്റ്റ് ഡോസാണ്. കള്ളപ്പണവും കള്ളനോട്ടും അഴിമതിയും അവസാനിപ്പിക്കുന്നതിന് ഇതെത്രമാത്രം പങ്കുവഹിക്കുമെന്നല്ല മോദിയും സംഘവും പരീക്ഷിക്കുന്നത്. ഇന്ത്യൻ ജനത ഈ സാമ്പത്തികാടിയന്തിരാവസ്ഥയെ എപ്രകാരം സ്വീകരിക്കുന്നു? ഈ പരീക്ഷണം ജനങ്ങൾ തെരഞ്ഞെടുപ്പിലൂടെ ശരി വയ്ക്കുന്നുവെങ്കിൽ പ്രധാനമന്ത്രിയ്ക്ക് തീർച്ചയായും അടുത്ത നടപടികളിലേയ്ക്ക് നീങ്ങാനാവും.

**കെ. അരവിന്ദാക്ഷൻ**

**നരേന്ദ്രമോദി** സ്വയംഭൂവല്ല. ജർമ്മനിയും തുർക്കിയും ബ്രിട്ടനും അമേരിക്കയും നെതർലാന്റും ഫ്രാൻസും ഇറ്റലിയും തീവ്രവലതുപക്ഷക്കാരും ഇസ്ലാമിക് സ്റ്റെയിറ്റിന്റെ ഭീകരരൂപത്തെക്കുറിച്ച് ആശങ്കപ്പെടുന്നവരാണ്. മോദിയും ഇവരുടെ ഗണത്തിൽപ്പെടുന്നു. ലോകമാകെ ഒരു ഖലീഫയുടെ നിയന്ത്രണത്തിലാക്കപ്പെടുമെന്ന സ്വപ്നത്തിലാണ് ഇസ്ലാം മതവിശ്വാസികളിൽ ചെറിയൊരു വിഭാഗം. തീവ്രവലതുപക്ഷത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന മുതലാളിത്ത രാജ്യങ്ങളിലെ മദ്ധ്യവർഗികളും സാധാരണക്കാരും ഇതിനെ ഭയപ്പെടുന്നുണ്ട്. തങ്ങളുടെ വർഗീയ, വംശീയ സ്വത്വബോധങ്ങളിലേയ്ക്ക് അവർ തിരിച്ചുപോവുകയാണ്. അമേരിക്കയിൽ ഡൊണാൾഡ് ട്രമ്പിന്റെ വിജയം ഈ ഉൽക്കണ്ഠയാണ് വെളിവാക്കുന്നത്. ഇടതുപക്ഷ ചിന്തകനായ നോം ചോംസ്കി മുതൽ ഇങ്ങു കേരളത്തിലുള്ള സാദാ ഇടതുപക്ഷ ബുദ്ധിജീവി വരെ അമേരിക്കൻ സാമ്രാജ്യത്തത്തിന്റെ ക്രൂരതയിലാണ് വലതുപക്ഷ വ്യതിയാനത്തെ കൊള്ളിക്കുന്നത്. ഇസ്ലാമിക് സ്റ്റെയിറ്റും അമേരിക്കൻ സാമ്രാജ്യത്തവും ഒന്നിനൊന്ന് ക്രൂരമാണെന്ന യാഥാർത്ഥ്യമാണ് നാം മറന്നുകളയുന്നത്.

ഇസ്ലാമിക തീവ്രവാദത്തിന്റെ അനുയായികൾ ഇന്ത്യയിലും പല പേരുകളിലായി, പല രൂപങ്ങളിലായി വേരുറപ്പിച്ചിട്ടുള്ളത് രാഷ്ട്രീയ സ്വയം സേവകർ എന്ന ഹിന്ദുവർഗീയ സംഘടനയ്ക്ക് വളരുവാനുള്ള വെള്ളവും വളവും നൽകിപ്പോരുന്നു. ആർ.എസ്.എസ്. എന്ന കാഡർസംഘം ഒരു നേതാവിലേയ്ക്ക് ചുരുങ്ങി, അദ്ദേഹത്തിന്റെ കീഴിൽ രാജ്യത്താകമാനം വേരുകളുള്ള ചിട്ടയൊപ്പിച്ചുള്ള തീവ്രവലതുപക്ഷമായി പേശീബലം കാണിക്കുന്നത് ഇന്ത്യയുടെ സ്വാതന്ത്ര്യാനന്തര ചരിത്രത്തിൽ നടാടെയാണ്. പ്രധാനമന്ത്രിയുടെ ഏത് തീരുമാനവും ഏറ്റവും അടിത്തട്ടിലുള്ള ജനങ്ങളിൽപോലും എത്തിക്കാനുള്ള പ്രവർത്തന വൈദഗ്ധ്യം ആർ.എസ്.എസ്സിനുണ്ട്. ഇന്ത്യൻ ജനാധിപത്യത്തിന്റെ ജുഡീഷ്യറി, നിയമനിർമ്മാണ സഭകൾ, നീതിനിർവ്വഹണ വ്യവസ്ഥ, സർവ്വകലാശാലകൾ, സാംസ്കാരിക കേന്ദ്രങ്ങൾ, മാധ്യമങ്ങൾ, സോഷ്യൽ മീഡിയ എന്നീ സ്ഥാപനങ്ങളിലും ഇടങ്ങളിലുമെല്ലാം ആർ.എസ്.എസ്സിന് കടന്നുകയറാനായിട്ടുണ്ട്. ആർ.എസ്.എസ്. ഇന്ന് പതിന്മടങ്ങ് ശക്തമാണ്. ജനാധിപത്യത്തിന്റെ ഛായയുള്ള ഒരു ഹിന്ദുരാഷ്ട്രം അവരുടെ ഉള്ളിലുണ്ട്; പുറമേയ്ക്ക് അത് പ്രകടമാക്കപ്പെടുന്നില്ലെങ്കി

ലും. മുസ്ലീം ഭൂരിപക്ഷ രാജ്യത്തെ ന്യൂനപക്ഷങ്ങൾക്ക് ഇന്ത്യയിൽ ന്യൂനപക്ഷങ്ങൾ അനുഭവിക്കുന്ന സ്വാതന്ത്ര്യം ഉണ്ടോയെന്നുള്ള ചോദ്യത്തിന് ഇല്ല എന്ന് തലയാട്ടുന്ന മദ്ധ്യവർഗികളും സാധാരണക്കാരും പിന്നാക്കക്കാരും ദളിതരും കൂടിവരികയാണ്. അതുകൊണ്ടാണ്, മോദിയുടെയോ അമിത്ഷായുടെയോ ഗുജറാത്ത് വംശീയഹത്യയിലുള്ള പങ്കിനെ സംശയിക്കാൻപോലും നിൽക്കാതെ, മേൽപറഞ്ഞവരെല്ലാം ചേർന്ന് മോദിയെ പ്രധാനമന്ത്രിയാക്കിയത്.

ഇന്ദിരാഗാന്ധി മുതലുള്ള കോൺഗ്രസ്സ് പ്രധാനമന്ത്രിമാരും ആഗോളവൽക്കരണവും




ഉദാരവൽക്കരണവും സോഷ്യലിസ്റ്റുകളും കമ്യൂണിസ്റ്റുകാരും മോദിയെ ഉയർത്തിക്കൊണ്ടുവരുന്നതിൽ ഇന്ത്യൻ ജനതയിൽ മൂന്നിലൊരു വിഭാഗത്തെ അതിശക്തമായി പ്രചോദിപ്പിച്ചിട്ടുണ്ട്. ഇന്ത്യയെ ലോകരാഷ്ട്രങ്ങളുടെ മുൻനിരയിലെത്തിക്കാനും പാക്കിസ്ഥാനും ചൈനയ്ക്കും ചുട്ട മറുപടി നൽകാനും ശക്തനായ ഒരു പ്രധാനമന്ത്രിയെയാണ് അവർ മോദിയിൽ കണ്ടത്. തന്റെ ശരീരഭാഷയിലൂടെയും വികാരഭരിതമായ പ്രസംഗങ്ങളിലൂടെയും കണിശക്കാരനും അഴിമതിരഹിതനും ശക്തനുമായ പ്രധാനമന്ത്രിയാണ് താനെന്ന് മോദിയും ആവർത്തിക്കുന്നുണ്ട്. മോദിയുടെ മന്ത്രിമാരും ഉദ്യോഗസ്ഥരും ആർ.എസ്.എസും അനുയായികളും കോർപ്പറേറ്റ് ഭീമന്മാരും ഈ ഇമേജ് നിലനിർത്തുന്നതിന് അഹോരാത്രം പണിയെടുക്കുന്നുണ്ട്. മോദിയ്ക്കെതിരെ ഒരു ചെറു വിരലനക്കാൻപോലും ത്രാണിയുള്ള മന്ത്രിമാരോ നേതാക്കളോ ഉദ്യോഗസ്ഥന്മാരോ ഇല്ല. മോദിയാകട്ടെ നിയമനിർമ്മാണസഭ, ജുഡീഷ്യറി, മാധ്യമങ്ങൾ തുടങ്ങി എല്ലാ ജനാധിപത്യസ്ഥാപനങ്ങൾക്കും മേലെയാണ് താനെന്ന് പ്രവൃത്തികളിലൂടെ വെളിവാക്കുകയും ചെയ്യുന്നുണ്ട്. തന്റെ തീരുമാനങ്ങളെ, തന്റെ നേരെ വിമർശിക്കുന്നവരെ രാജ്യദ്രോഹികളായി ചാപ്പയടിക്കാൻ അദ്ദേഹം മടി കാണിക്കാറില്ല.

പാക്കിസ്ഥാൻ സ്റ്റെയിറ്റിന്റെ ഭീകരർ പത്താൻകോട്ട്-ഉറി പട്ടാളക്യാമ്പുകളിൽ നടത്തിയ ചാവേർ ആക്രമണങ്ങൾക്ക് മറുപടിയായി ഇന്ത്യ-പാക്-അധീന കാശ്മീരിൽ നടത്തിയ മിന്നലാക്രമണം മോദിയുടെ നിശ്ചയദാർഢ്യത്തിനും ഭരണപാടവത്തിനും തെളിവായിട്ടാണ് മദ്ധ്യവർഗികൾ കണ്ടത്. ഇതല്ലാതെ പാക്കിസ്ഥാനെ നിലയ്ക്കു നിർത്താൻ അദ്ദേഹം എന്ത് ചെയ്യണമെന്ന് മദ്ധ്യവർഗി ആത്മാർത്ഥമായും ചോദിയ്ക്കുന്നുണ്ട്. ഈയൊരറ്റ പ്രവൃത്തിയിലൂടെ അദ്ദേഹം പട്ടാളക്കാരനെ ബാരക്കിൽനിന്നും ഇന്ത്യയുടെ രാഷ്ട്രീയ ഭൂമികയിലേയ്ക്ക് ആനയിക്കുകയുണ്ടായി. ഇന്ന് പട്ടാളക്കാരൻ ഒരു ഐക്കണാണ്.

നവംബർ എട്ടിന് രാത്രിയിൽ സാമ്പത്തിക മിന്നലാക്രമണത്തിന് മുന്നോടിയായി മോദി കര-നാവിക-വ്യോമ സേനാ വിഭാഗങ്ങളുടെ തലവന്മാരുമായി ചർച്ച ചെയ്യുന്നതായ ദൃശ്യങ്ങൾ മാധ്യമങ്ങൾ കാണിക്കുകയുണ്ടായി. സാമ്പത്തിക മേഖലയിലെ മിന്നലാക്രമണത്തെത്തുടർന്ന് എന്തെങ്കിലും തരത്തിലുള്ള ആക്രമണങ്ങളുണ്ടായാൽ നേരിടാനുള്ള യുദ്ധസൂചനയാകാം അത്. രാജ്യത്തിനുവേണ്ടി മിന്നലാക്രമണത്തിലൂടെ ത്യാഗം സഹിക്കാൻ തയ്യാറായ പട്ടാളക്കാരെപ്പോലെ, ഇന്ത്യയിലെ സാധാരണക്കാരനും രാജ്യസ്നേഹം തെളിയിക്കാനുള്ള ത്യാഗത്തിന്റെ ഒരവസരം വന്നിരിക്കുന്നതായിട്ടാണ്, 500ന്റെയും 1000ന്റെയും നോട്ടുകൾ അസാധുവാക്കിക്കൊണ്ട് മോദി പ്രഖ്യാപിച്ചത്.

കള്ളപ്പണക്കാരെയും കള്ളനോട്ടുകാരെയും രാജ്യത്തുനിന്നും കെട്ടുകെട്ടിക്കാനും ഇസ്ലാം തീവ്രവാദികൾക്കും മാവോയിസ്റ്റുകൾക്കും ലഭിക്കുന്ന കള്ളപ്പണത്തെ നേരിടുന്നതിനും വേണ്ടിയാണ് താൻ നോട്ടുകൾ അസാധുവാക്കുന്നതെന്ന് അദ്ദേഹം പറഞ്ഞു. ആർ.ബി.ഐ. ഗവർണറെയോ ധനമന്ത്രിയെയോ ആയിരുന്നില്ല ഈ പ്രഖ്യാപനത്തിന്റെ

ചുമതല അദ്ദേഹം ഏൽപ്പിച്ചത്. ആ ദൗത്യം അദ്ദേഹം സ്വയം ഏറ്റെടുക്കുകയായിരുന്നു. പ്രസിഡന്റിനെ അറിയിച്ചത് അരമണിക്കൂർ മുമ്പേ മാത്രം!

അഞ്ഞൂറിന്റെയും ആയിരത്തിന്റെയും കറൻസികൾ അസാധുവാക്കിയ മിന്നലാക്രമണത്തെച്ചൊല്ലി പത്ര-ദൃശ്യ മാധ്യമങ്ങളിൽ അനുകൂലമായും പ്രതികൂലമായും ചർച്ചകൾ തകർക്കുന്നുണ്ട്. മോദിയുടെ ആർ.എസ്.എസ് 'സ്റ്റോം ട്രൂപ്പേഴ്സ്' കള്ളപ്പണക്കാരെയും കള്ളനോട്ടുകാരെയും നിയന്ത്രിക്കാൻ ആയി എന്ന് സമർത്ഥിക്കുന്നുണ്ട്. എന്നാൽ കഴിഞ്ഞ ഒരു മാസമായി ദരിദ്രനും പാവപ്പെട്ടവനും സാധാരണക്കാരനും മദ്ധ്യവർഗിയും ഒരുപോലെ നോട്ടിനുവേണ്ടി നെട്ടോട്ടമോടുകയാണ്. ഭൂരിപക്ഷം എ.ടി.എമ്മുകളും ഇപ്പോഴും അടഞ്ഞുകിടക്കുകയാണ്. ബാങ്കുകളിൽ ക്യൂ അവസാനിക്കുന്നില്ല. ചെറുകിട കച്ചവടക്കാരും വ്യാപാരികളും കൃഷിക്കാരും തകർച്ചയിലാണ്. ഇന്ത്യൻ സമ്പദ്ഘടനയുടെ വളർച്ച സ്തംഭിച്ചതായി പല കേന്ദ്രങ്ങളും റിപ്പോർട്ട് ചെയ്യുന്നു. ഇതിനെ പ്രതി പാർലിമെന്റിൽ ചർച്ച നടക്കുന്നില്ല. പ്രതിപക്ഷങ്ങൾ ബഹിഷ്കരണം തുടരുന്നു. പ്രധാനമന്ത്രി പതിവുപോലെ നിയമനിർമ്മാണസഭയെ നേരിടാൻ വിസമ്മതിക്കുന്നു. പിൻവാതിലിലൂടെ പുതിയ നിയമങ്ങൾ തട്ടിക്കൂട്ടുന്നു. 84 ശതമാനം നോട്ടുകൾ പിൻവലിച്ചിടത്താണ് 16 ശതമാനം നോട്ടുകളുമായി നിത്യജീവിതം കഴിച്ചുകൂട്ടാൻ പ്രധാനമന്ത്രി ആഹ്വാനം ചെയ്യുന്നത്. ഈ പ്രതിസന്ധി എന്നോയ്ക്ക് തീരുമെന്നതിന് കൃത്യമായി മറുപടി നൽകാൻ റിസർവ് ബാങ്കോ ധനമന്ത്രാലയമോ തയ്യാറാവുന്നില്ല. ജനങ്ങളിൽ നല്ലൊരു പങ്കും ഇതൊരു ജീവിതരീതിയാക്കി, തന്റെ പൗരാവകാശം ഇത്രയൊക്കെയുള്ളൂവെന്ന് ക്യൂവുകളിൽനിന്ന് സ്വയം സമ്മതിക്കുകയാണ്.

ഒരു വലിയ വിഭാഗം സാധാരണക്കാർ, പാവങ്ങൾപോലും, തങ്ങളുടെ ബുദ്ധിമുട്ടും പ്രയാസങ്ങളും കള്ളപ്പണവും അഴിമതിയും അവസാനിപ്പിക്കാനുള്ള ഒരു നല്ല കാര്യത്തിനാണല്ലോയെന്ന് നെടുവീർപ്പിടുന്നു. പ്രധാനമന്ത്രി പറയുന്നതുപോലെ, ചെറിയൊരു ത്യാഗം അതിർത്തിയിലെ പട്ടാളക്കാരെപ്പോലെ തങ്ങൾക്കും ചെയ്യാനായല്ലോയെന്ന് സമാശ്വസിക്കുന്നു. പത്രമാധ്യമങ്ങൾ പുറത്തുവിടുന്ന ഈ സമാശ്വാസങ്ങൾ എത്രത്തോളം ശരിയാണെന്ന് കറൻസി അസാധുവാക്കിയതുമൂലം കഷ്ടപ്പെടുന്ന ഉത്തർപ്രദേശിലെ ബാനിയകളും കൃഷിക്കാരും പാവപ്പെട്ടവരും 2017 ആദ്യമാസങ്ങളിൽ നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പിൽ എങ്ങിനെ വോട്ടുചെയ്യുമെന്നതിനെ ആശ്രയിച്ചാണ്.

മോദിയെ സംബന്ധിച്ചിടത്തോളം കറൻസി അസാധുവാക്കൽ ഒരു ടെസ്റ്റ് ഡോസാണ്. കള്ളപ്പണവും കള്ളനോട്ടും അഴിമതിയും അവസാനിപ്പിക്കുന്നതിന് ഇതെത്രമാത്രം പങ്കുവഹിക്കുമെന്നല്ല മോദിയും സംഘവും പരീക്ഷിക്കുന്നത്. ഇന്ത്യൻ ജനത ഈ സാമ്പത്തികാടിയന്തിരാവസ്ഥയെ എപ്രകാരം സ്വീകരിക്കുന്നു? ഈ പരീക്ഷണം ജനങ്ങൾ തെരഞ്ഞെടുപ്പിലൂടെ ശരി വയ്ക്കുന്നുവെങ്കിൽ പ്രധാനമന്ത്രിയ്ക്ക് തീർച്ചയായും അടുത്ത നടപടികളിലേയ്ക്ക് നീങ്ങാനാവും. ഇന്ത്യയുടെ ഫെഡറൽ ഘടനതന്നെ പൊളിച്ചുമാറ്റാം; രാജ്യസഭയെ നോക്കുകുത്തിയാക്കുന്ന നിയമനിർമ്മാണം നടത്താം. വമ്പൻ കോർപ്പറേറ്റുകളെ സഹായിക്കുന്നതിലേയ്ക്കും ഹിന്ദുത്വായെ അരക്കിട്ടുറപ്പിക്കുന്നതിലേയ്ക്കും പോകാം.

തീർച്ചയായും ഇന്നത്തെ അവസ്ഥയിൽ ഇന്ത്യൻ രാഷ്ട്രീയ ചക്രവാളത്തിൽ മോദിയ്ക്ക് വെല്ലുവിളിയായി ആരുമില്ല. കോൺഗ്രസ് ദുർബലമാണ്; അതിന് ത്രാണിയുള്ള നേതൃത്വമില്ല; തമ്മിൽ പോരടിച്ചും ആത്മഹത്യയ്ക്കൊരുങ്ങുന്ന നേതാക്കളെ ജനങ്ങൾ പൊറുപ്പിക്കില്ല. ബംഗാളിലെ മമത ബാനർജിക്കോ ഡൽഹിയിലെ കെജ്റിവാളിനോ ഇങ്ങേയറ്റം ബീഹാറിലെ നിതീഷ്കുമാറിനുപോലുമോ പ്രതിഷേധങ്ങളുടെ കേന്ദ്രബിന്ദുവായി മാറുവാനാവില്ല. ഇടതുപക്ഷം അസ്തമിച്ചു കഴിഞ്ഞു. ആർ.എസ്.എസ് – ബി.ജെ.പിക്കുള്ളിൽ നിന്നുതന്നെ പൊട്ടിത്തെറികളുണ്ടാവണം. മോദി അധികാരത്തിൽ ശക്തമായ ആധിപത്യം നിലനിർത്തുന്നിടത്തോളം അത് സംഭാവ്യമല്ല. മാത്രവുമല്ല, മദ്ധ്യവർഗി അടിയന്തിരാവസ്ഥ കാലത്തേതുപോലെ മൂല്യബോധമോ ധാർമ്മികകതയോ പുലർത്തുന്ന ഒരു ശക്തിയേയല്ല. ആഗോളീകരണ – ഉദാവൽക്കരണ കാലത്ത്, ആർത്തിയും അത്യാർത്തിയുമായി തൻകാര്യം നോക്കുന്ന നിർഗുണജീവികളായി അവർ മാറിയിരിക്കുന്നു. ഏറിവന്നാൽ സോഷ്യൽ മീഡിയയിൽ ഒരു ലൈക്കടിക്കാം.

ജവഹർലാൽ നെഹ്റുവും ഇന്ത്യയുടെ വികസനത്തിനായി സാധാരണക്കാരനും പാവപ്പെട്ടവനും അൽപം ത്യാഗം സഹിക്കേണ്ടിവരുമെന്ന് ആഹ്വാനം ചെയ്തിട്ടുണ്ട്. ഭക്രാനംഗൽ പോലുള്ള അണക്കെട്ടുകൾ ഇന്ത്യയുടെ ക്ഷേത്രങ്ങളെന്ന് അദ്ദേഹം പ്രശംസിച്ചിട്ടുണ്ട്. നിർഭാഗ്യവശാൽ അത്തരം ഭീകര ക്ഷേത്രങ്ങളിൽനിന്നും നിഷ്കാസിതരായ

ആദിവാസികളും ദളിതുകളും ഇന്നും പ്രാന്തവൽക്കരിക്കപ്പെട്ടവർതന്നെ. ഗ്രാമങ്ങളാണ് ഇന്ത്യയുടെ ജനാധിപത്യത്തിന്റെയും അഭിവൃദ്ധിയുടെയും ജൈവികയൂണിറ്റുകളെന്ന് ഗാന്ധി പറയുകയും പ്രവർത്തിക്കുകയും ചെയ്തപ്പോൾ ഗാന്ധിശിഷ്യനായ നെഹ്റു ഗ്രാമങ്ങൾ അന്ധവിശ്വാസത്തിന്റെയും ഇരുട്ടിന്റെയും ചതുപ്പുകളാണെന്ന് വിശ്വസിച്ചു. അദ്ദേഹത്തിന്റെ വികസനനയം പുതിയ നഗരങ്ങളും മഹാക്ഷേത്രങ്ങളും പണിയുന്നതിലായിരുന്നു. ഇന്ത്യയിൽ ജനാധിപത്യന്റേതായി നിലനിൽക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും അടിക്കല്ലിട്ടത് നെഹ്റുവാണ്. ആ വികസനനയമാണ്, ഇന്ത്യയെ ഈ നിലയിലെത്തിച്ചതെങ്കിൽ മോദിയും അതാണ് അനുവർത്തിക്കുന്നതെന്നു പറയാം.

പക്ഷേ, നെഹ്റുവിന് ജനാധിപത്യത്തിലും ജനങ്ങളിലും വിശ്വാസമുണ്ടായിരുന്നു. മോദിയ്ക്ക് ജനങ്ങളിൽ വിശ്വാസമില്ല; ജനാധിപത്യത്തിൽ തരിമ്പും. അദ്ദേഹം ഏറെ ഇഷ്ടപ്പെടുന്നത് അദ്ദേഹത്തെത്തന്നെയാണ്. അധികാരം നിലനിർത്താനാണ് അദ്ദേഹം ഓരോ തുറുപ്പുശീട്ടും ഇറക്കുന്നത്. മാറിയകാലത്ത് അദ്ദേഹമായിരിക്കാം വിജയിക്കുന്നത്. ഈ വിജയത്തിലൂടെ ആർ.എസ്.എസിന് തങ്ങളെ 1920മുതൽ 1970 വരെ അരനൂറ്റാണ്ടുകാലം ഇന്ത്യൻ രാഷ്ട്രീയത്തിന്റെ പൊതുധാരയിൽനിന്ന് മാറ്റിനിർത്തിയ ഗാന്ധിയോടുള്ള പക തീർക്കുകയുമാവാം. സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്തിട്ടില്ലെങ്കിലും, ബ്രിട്ടീഷ് ഏജന്റുമാരായിട്ടാണ് പ്രവർത്തിച്ചതെങ്കിലും ഗാന്ധിയുടെ ഇന്ത്യയിൽ തങ്ങൾക്കും ഭരിക്കാനാകുമെന്ന് തെളിയിക്കാം. ഗർഭം കൊടുത്ത ഗർഭപാത്രംതന്നെ ചവിട്ടിപ്പൊളിക്കുന്ന കോൺഗ്രസ്സുകാർ നാട്ടിലുള്ളപ്പോൾ അത് സംഭവ്യമാണ്.

അവസാനത്തെ ക്യൂവിൽ ഏറ്റവും അവസാനമായി നിൽക്കുന്ന നിസ്സഹായനും നിരാലംബനും ദരിദ്രനുമായ മനുഷ്യന്റെ കണ്ണുകളിലെ വേദന അവശേഷിക്കുകതന്നെ ചെയ്യും. ആ മനുഷ്യനെ പ്രതിയാണ് ഗാന്ധി വേദനിച്ചത്.

**വാൽക്കഷ്ണം**

2016 ഡിസംബർ 9ന് ഡിജിറ്റലാവുന്നവർക്ക് ഇളവുകളുമായി ധനമന്ത്രി അരുൺ ജെയ്റ്റ്ലി രംഗത്തെത്തുകയുണ്ടായി. സേവനനികുതികൾ, പെട്രോൾ - ഡീസലിന്, ഇൻഷുറൻസ് പ്രീമിയത്തിന്, ഓൺലൈൻ റെയിൽവെ ടിക്കറ്റിന്, ടോളിന്.... എന്തിനും ഏതിനും ഡിജിറ്റൽ മാർഗങ്ങൾ ഉപയോഗിച്ചാൽ.

ഇന്ത്യയിലെ തൊണ്ണൂറു ശതമാനം വരുന്ന കർഷകത്തൊഴിലാളികളും നിർമ്മാണത്തൊഴിലാളികളും വിനിമയത്തിന് കറൻസിയാണ് ഉപയോഗിക്കുന്നതെന്ന് ഏവർക്കുമറിയാം. കള്ളപ്പണക്കാരനും കള്ളനോട്ടുകാരനും കറുത്ത പണം സൂക്ഷിക്കുവാൻ എത്രയോ മാർഗങ്ങൾ സർക്കാർതന്നെ ഉണ്ടാക്കിക്കൊടുത്തിരിക്കുന്നു. കള്ളപ്പണക്കാരന്റെയും കള്ളനോട്ടടിക്കാരന്റെയും പേരിലാണ് സാധാരണജനങ്ങളെ മോദിസർക്കാർ ദുരിതപ്പെടുത്തുന്നത്. കറൻസികൾ അസാധുവാക്കിയതിന്റെ പൊതുജനദുരിതത്തിന് പുതിയ പരിഹാരമന്ത്രവുമായിട്ടാണ് ഒരു രാജ്യം മുഴുവൻ ഡിജിറ്റൽ ആവട്ടെയെന്ന് ഒരൊറ്റ രാത്രികൊണ്ട് മോദിയും സംഘവും ആശിർവദിക്കുന്നത്. അലാവുദ്ദീന്റെ അൽഭുതവിളക്കൊന്നും ഇവരുടെ കയ്യില്ലെന്ന് അനുമാനിക്കാം.

1960കളിൽ നാം കേട്ടത് "റോട്ടി, കപട, മകാൻ" എന്നാണ്. 1970 കളിൽ തുടങ്ങി കേൾക്കുന്നതോ, "ബിജലി, സാദക്, പാനി". നാമിന്ന് കേൾക്കാൻ കൊതിച്ചിരുന്നത് "ജൽ, ജംഗിൾ, സമീൻ" എന്നാണ്. എന്നാൽ മോദി ആഹ്വാനിക്കുന്നത്: 'യു.ഐ.ഡി നമ്പർ, ബാങ്ക് അക്കൗണ്ട് നമ്പർ, മൊബൈൽ ഫോൺ നമ്പർ'. ഇന്ന് ഇന്ത്യൻ റിപ്പബ്ലിക്കിലെ പൗരൻ ഒരു കസ്റ്റമർ മാത്രമാണ്. eKYC (Know Your Costumer) കസ്റ്റമറെന്നാൽ വിപണിയിലേയ്ക്കുള്ള ഒരു ചരക്കുമാത്രം. സാങ്കേതിക വിദഗ്ധരുടെ സഹായത്തോടെ നിങ്ങളുടെ 'ബയോ മെട്രിക്' വിവരങ്ങൾ ഒരു ക്ലിക്കിൽ ഭരണാധികാരികളുടെ പക്കലുണ്ട്. യു.ഐ.ഡി നമ്പർ നിർബന്ധമാക്കണമെന്ന് സുപ്രീംകോടതിപോലും ഉത്തരവിട്ടിട്ടില്ല. എങ്കിലും പൗരന് സർക്കാരിന്റെ ഏതെങ്കിലും തരത്തിലുള്ള 'സബ്സിഡി' വേണമെങ്കിൽ ആധാർ എന്ന യു.ഐ.ഡി നമ്പർ നിർബന്ധമാണ്. അങ്ങിനെ ദരിദ്രമായ ഡാറ്റാരാഷ്ട്രത്തിൽനിന്ന് ഇന്ത്യ ധനികയായ ഡാറ്റാ രാഷ്ട്രത്തിലേയ്ക്ക് നീങ്ങുന്നു (From a data poor nation to a data rich nation). ഇനി പൗരന്റെ ഡാറ്റയായിരിക്കും പുതിയ കറൻസി.

"ഈ പാറകളിൽ തട്ടിയായിരിക്കും നമ്മുടെ സ്വാതന്ത്ര്യം തകർന്ന് തരിപ്പണമാകുന്നത്. അതുകൊണ്ട് നമുക്ക് ചോദിക്കേണ്ടിയിരിക്കുന്നു. ഡിജിറ്റൽ ഡിവിഡന്റിൽനിന്നുള്ള പ്രയോജനം ആർക്ക്? നഷ്ടം ആർക്ക്? എന്തിനുവേണ്ടി?" (പുറം: 61: ഉഷാ രാമനാഥൻ: DIGITAL DIVIDEND OR DIGITAL DIVIDE? - സെമിനാർ: ഡിസംബർ: 2016)

ചോദ്യങ്ങൾ നമുക്ക് ചോദിച്ചുകൊണ്ടിരിക്കാം. ഉത്തരങ്ങൾ നൽകേണ്ടവർ നമ്മെ കേൾക്കാൻപോലും തയ്യാറല്ല. ■